# ചാവട്ട എം.എൽ.പി സ്കൂൾ

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ 10ാം വാർഡിൽ ചാവട്ട പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ചാവട്ട എം എൽ പി സ്കൂൾ. 1925 ഡിസംബർ 12ന് ആരംഭിച്ച വിദ്യാലയം ഈ വർഷം 100ന്റെ നിറവിലാണ്. 1മുതൽ 4 വരെ ക്ലാസുകളിലായി 38 വിദ്യാർത്ഥികളും അറബി അധ്യാപിക ഉൾപ്പെടെ 5 അധ്യാപകരും LKG, UKG Nursery ക്ലാസുകളിലായി 19 കുട്ടികളും രണ്ട് അധ്യാപികമാരും ഉൾപ്പെട്ട സംവിധാനമാണ്..

അക്കാദമിക രംഗത്തും അക്കാദമികേതര രംഗത്തും മികച്ച നേട്ടങ്ങൾ സ്വന്തമാക്കാൻ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്. 2024-25 അക്കാദമിക വർഷത്തിൽ രണ്ട് LSS വിജയികളും പഞ്ചായത്തുതല അറബിക് കലോത്സവത്തിൽ IIാം സ്ഥാനവും വിദ്യാലയത്തിന് സ്വന്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സുശക്തമായ PTA സംവിധാനവും. സാമൂഹിക പിന്തുണയും വിദ്യാലയ മികവിന്റെ കാരണങ്ങളാണ്.

ധാരാളം പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ടാണ് വിദ്യാലയം പ്രവർത്തിക്കുന്നത് എങ്കിലും നേട്ടങ്ങളുടെ മികവിൽ എന്നും മുന്നിൽ നിൽക്കാൻ ശ്രമിച്ചിട്ടുണ്ട്. ആ ശ്രമത്തിന്റെ ഭാഗമായി ഈ വർഷം നടപ്പിലാക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ അടങ്ങിയ അക്കാദമിക മാസ്റ്റർ പ്ലാൻ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസ്സുമുതൽ വായന ജീവിതശൈലിയുടെ ഭാഗമാക്കി മാറ്റുന്നതിന് പ്രോത്സാഹനം നൽകും. സ്കൂൾ ലൈബ്രറി കൂടുതൽ സജീവമാക്കും.
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകും. എല്ലാ ക്ലാസ്സുകളിലും പഠന വിടവ് നികത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകവഴി മുഴുവൻ കുട്ടികളെയും ശരാശരി നിലവാരത്തിലെത്തിക്കും.
* വിദ്യാലയത്തെ അടുത്തവർഷം കുട്ടികളുടെ എണ്ണം വർധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും.
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നിരന്തര വിലയിരുത്തലുകളും അവയുടെ അവലോകനങ്ങളും കൃത്യമായ ഇടവേളകളിൽ നടത്തുകയും പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യും.
* ഭൗതിക സൗകര്യങ്ങൾ ഒരുക്കും.
* മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിലെ പഠനലക്ഷ്യങ്ങൾ കൈവരിച്ചു എന്നുറപ്പാക്കും.
* പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയുമാക്കാനാവശ്യമായ പദ്ധതികൾ രൂപീകരിക്കും.
* അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾക്ക് പ്രാദേശിക, സാമൂഹിക പിന്തുണ ഉറപ്പുവരുത്തും.

# അടിസ്ഥാന വിവരങ്ങൾ.

1. വിദ്യാലയത്തിന്റെ പേര് : ചാവട്ട. എം. എൽ. പി.

വിലാസം : കൊഴുക്കല്ലൂർ (PO)
മേപ്പയ്യൂർ (VIA)
673524 (PIN)

2. സ്കൂൾ കോഡ് : 16506 (എൽപി)
3. വിദ്യാഭ്യാസ ജില്ല : മേലടി
4. വിദ്യാഭ്യാസ ഉപജില്ല : വടകര.
5. റവന്യൂ ജില്ല : കോഴിക്കോട്
6. ബി. ആർ. സി : മേലടി
7. സി. ആർ. സി : മേപ്പയ്യൂർ.
8. ഗ്രാമപഞ്ചായത്ത് : മേപ്പയ്യൂർ (10ാം വാർഡ്)
9. ബ്ലോക്ക് പഞ്ചായത്ത് : മേലടി
10. ജില്ലാ പഞ്ചായത്ത് : കോഴിക്കോട്
11. നിയമ സഭ മണ്ഡലം : പേരാമ്പ്ര
12. ലോക സഭ മണ്ഡലം : വടകര.
13. താലൂക്ക് : കൊയിലാണ്ടി
14. വില്ലേജ് : കൊഴുക്കല്ലൂർ.

ഇ-മെയിൽ : chavattamlps@gmail.com.

നിലവിലുള്ള അവസ്ഥ

കുട്ടികളുടെ എണ്ണം : 38

അധ്യാപകരുടെ എണ്ണം : 5

ക്ലാസ് മുറികളുടെ എണ്ണം : 6

ഓഫീസ് മുറി : 1

| 2025- 2026 | | | |
|---|---|---|---|
| class | B | G | Total |
| I | 5 | 7 | 12 |
| II | 6 | 3 | 9 |
| III | 6 | 3 | 9 |
| IV | 4 | 4 | 8 |
| Total | 21 | 17 | 38 |

...ഷ

മേഖല . അക്കാദമികം  വിഷയം: മലയാളം

...ശ്നം-1 വായന .

| ...കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനങ്ങൾ. |
|---|---|---|
| ...ാചാരമായ ...യങ്ങൾ | * വായനാ പ്രോത്സാഹനത്തിനാവശ്യമായ പദ്ധതികൾ | * വായനാ കാർഡ്<br>* അക്ഷര കാർഡ് |
| ...ലൈബ്രറിയുടെ ...പയോഗം കൃത്യമ...ത്ത് | ലൈബ്രറി പ്രവർത്തനങ്ങളുടെ കൃത്യമായ ആസൂത്രണം | * പദകാർഡ്<br>* ലൈബ്രറി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ രചന വായന മത്സരങ്ങൾ |
| ...ട്ടിയെ സഹായി...ന്നതിൽ രക്ഷി...ിന്റെ ധാരണ...വ് . | * എന്റെ മലയാളം എന്ന പേരിൽ പ്രത്യേക പ്രവർത്തനം നടപ്പിലാക്കും<br>* വായനാ മത്സരങ്ങൾ പുസ്തകാസ്വാദന കുറിപ്പ്, മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കും .<br>* ഭാവാത്മക വായന ഉറപ്പാക്കുന്നതിനായി കുട്ടികൾക്ക് കഥകളും, കവിതകളും. ICT ഉപയോഗിച്ച് കേൾക്കാനും കാണാനും അവസരം നൽകുന്നു . | * CPTA<br>* എന്റെ മലയാളം<br>* വായനാമൂല<br>* ചിത്രവായന<br>* പുസ്തക പരിചയം.<br>* ക്ലാസ് തല ലൈബ്രറി ഒരുക്കൽ<br>* വായനോത്സവം |

e

വിഷയം : മലയാളം.

മേഖല : അക്കാദമികം

പ്രശ്നം 2. രചനയിൽ സ്വരചിഹ്നങ്ങൾ രേഖപ്പെടുത്തുന്നതിലെ ബുദ്ധിമുട്ട്

| കാരണം | പരിഹാര നിർദ്ദേശം | പ്രവർത്തനം. |
|---|---|---|
| ഭാഷാ അടിസ്ഥാന ശേഷി ഉറപ്പിക്കാത്തത്. | എന്റെ മലയാളം പദ്ധതി കൃത്യമായി നടപ്പിലാക്കുന്നതും നിരന്തരമായ വിലയിരുത്തലുകൾ നടത്തുന്നതും ചെയ്യും. <br><br> വിലയിരുത്തൽ ഫലം അവലോകനം ചെയ്ത് അതത് സമയങ്ങളിൽ ആവശ്യമായ പരിഹാര പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ഭാഷാപരമായക്രമീകരണത്തിന്റെ രീതിയെപ്പറ്റി രക്ഷിതാക്കൾക്ക് അവബോധം നൽകും. | എന്റെ മലയാളം, പദകാർഡ് <br> അക്ഷരകാർഡ് <br> ആസൂത്രണം <br> വിലയിരുത്തൽ <br> അവലോകനം <br> പരിഹാരപ്രവർത്തനങ്ങൾ |

മേഖല : അക്കാദമികം.  വിഷയം : മലയാളം

പ്രശ്നം : വൈവിധ്യപരമായ രചനകളുടെ കുറവ്.

| കാരണം | പരിഹാര നിർദ്ദേശം | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ കണ്ടെത്തുന്ന ആശയങ്ങൾ ലേഖനം, കവിത, കഥ എന്നീ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റാൻ കഴിയുന്നില്ല. | വായനാകാർഡ് മാതൃകയിൽ ഓരോ വായനാകാർഡ് സ്വന്തമായി കുട്ടികൾ നിർമ്മിക്കുന്നു. | വായനാകാർഡ് നിർമ്മാണം<br>അക്ഷരകാർഡ് നിർമ്മാണം<br>പദകാർഡ് നിർമ്മാണം. |
| പരന്ന വായനയുടെ കുറവ്. | കുട്ടികൾ നിർമ്മിച്ച വാക്യം. വായനാകാർഡുകൾ ഡിജിറ്റൽ വൽക്കരിക്കുന്നു. | |
| കൂടുതൽ കഥകൾ കേൾക്കാനുള്ള അവസരം കിട്ടാത്തത്. | രചയിതാക്കളെ ബോധവൽക്കരിക്കുന്നതിനായി ശിൽപശാലകൾ സംഘടിപ്പിക്കുന്നു. | ശിൽപശാല. |
| | ലബ്ധപ്രതിഷ്ഠരായ എഴുത്തുകാരുമായി സംവദിക്കാനുള്ള അവസരം. | മേളനോത്സവം. |

മേഖല : അക്കാദമികം

വിഷയം : ഗണിതം

പ്രശ്നം : ചതുഷ്ക്രിയകളിലെ പ്രശ്നം.

| കാരണം | പരിഹാരനിർദ്ദേശം | പ്രവർത്തനങ്ങൾ |
| --- | --- | --- |
| ഗണിതത്തിലെ അടിസ്ഥാനശേഷികൾ ഉറക്കാത്തത്.<br>ഗണിതബോധം വികസിക്കുന്നില്ല.<br>പ്രായോഗിക അനുഭവങ്ങളുടെ അഭാവം. | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കുന്നു.<br>ഗണിത ചിന്താശേഷി വളർത്തൽ<br>ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം<br>ഒറിഗാമി പരിശീലനം<br>ഗണിത ശിൽപശാല | ക്ലാസ് ഗണിത കളികൾ<br>പ്രായോഗിക പ്രവർത്തനങ്ങൾ<br>വർക്ക്ഷീറ്റ് നിർമ്മാണം<br>ഒരു ദിനം ഒരു ചോദ്യം. (കുസൃതിക്കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br>ഗണിതോത്സവം.<br>ഒറിഗാമി ശിൽപശാല.<br>സംഖ്യാ പാറ്റേൺ, പ്രശ്നോത്തരി, ഗണിത ചുമർ |

മേഖല : അക്കാദമികം

വിഷയം: ഇംഗ്ലീഷ്

പ്രശ്നം : ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ട്

| കാരണം | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ആത്മവിശ്വാസ കുറവ്<br>ഇംഗ്ലീഷ് എഴുതാനും വായിക്കാനുമുള്ള പ്രയാസങ്ങൾ | എല്ലാ ക്ലാസിലും പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണയിക്കുന്നു.<br>മുൻ ക്ലാസിലെ അടിസ്ഥാനശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുക.<br>ചെറിയ ചിത്രകഥകൾ വായിക്കാനുള്ള അവസരം.<br>ഭാഷ കൈകാര്യം ചെയ്യാനവസരം<br>ഇംഗ്ലീഷ് റീഡിംഗ് കാർഡുകൾ, ഉപയോഗിച്ച് വായനാ പ്രവർത്തനങ്ങ<br>ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ. | പ്രീടെസ്റ്റ്<br>ഇംഗ്ലീഷ് വായന സാമഗ്രികൾ<br>ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് പതിപ്പ്<br>ഹലോ ഇംഗ്ലീഷ്<br>ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കുന്നു |

മേഖല : അക്കാദമികം

വിഷയം : പരിസരപഠനം

പ്രശ്നം – ചുറ്റുപാട് നിരീക്ഷിച്ച് അറിവ് നിർമ്മിക്കുവാനുള്ള ബുദ്ധിമുട്ട്

| കാരണം | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| * പ്രകൃതി അടുത്തറിയുവാനുള്ള അവസരമില്ലായ്മ<br>* അറിവുകൾ പ്രയോഗവൽക്കരിക്കാനുള്ള അവസരങ്ങളുടെ അഭാവം. | പ്രകൃതിയെ അടുത്തറിയുന്നതിന് വേണ്ടിയ ഇടപെടലുകൾ നടത്തുക.<br>ഫീൽഡ് ട്രിപ്പ് നടത്തുക.<br>സമീകൃത ആഹാര ശീലങ്ങളെ അടുത്തറിയുവാനുള്ള അവസരം<br>ശുചിത്വ സർവ്വേ<br>~~കർഷക~~ കൃഷിരീതി അടുത്തറിയുന്നു. | ശുചിത്വ സർവ്വേ<br>ഫീൽഡ് ട്രിപ്പ്<br>കർഷകരുമായി അഭിമുഖം.<br>ത്രാസ് നിർമ്മാണം.<br>ലഘു പരീക്ഷണ പ്രവർത്തനങ്ങൾ<br>നമുക്കും കർഷകരാകാം – സ്കൂളിൽ ജൈവകൃഷി. |

വിഷയം: മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ഒരുക്കൽ. | | SRG<br>PTA | 5000 |
| | വായനാക്കുറിപ്പ്, പുസ്തക പരിചയക്കുറിപ്പ് തയ്യാറാക്കൽ. | | | |
| | അമ്മവായന പ്രോത്സാഹിപ്പിക്കുക. | ജൂൺ | | |
| | അമ്മ പറയട്ടെ | | | |
| | അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. (ട്രാ) | ജൂലായ്, ഡിസംബർ ജനുവരി. | | |
| വൈവിധ്യമാർന്ന രചനകൾ നടത്തുക. | രചനാശില്പശാല | | PTA<br>SRG | 1000 |
| | പ്രാദേശിക ചരിത്രമെഴുതുക | ഡിസംബർ, ജനുവരി. | | |
| | [illegible] സംവാദം | | | |
| | [illegible] | | | |

[illegible] വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനാ വൈവിധ്യം. | സംയുക്ത ഡയറി.<br>100 ദിവസം പൂർത്തിയാക്കുന്നവർക്ക് പ്രത്യേക സമ്മാനം.<br>സംയുക്ത ഡയറി പതിപ്പ് | ജൂൺ-മാർച്ച്<br>മാസത്തിലൊരിക്കൽ | 1ാം ക്ലാസ് CPTA | 1000/- |
| കലകളെ അടുത്തറിയൽ | പ്രാദേശിക കലാകാരന്മാരുടെ സഹായത്തോടെ വിവിധ കലകളുടെ പ്രദർശനം | ഒക്ടോബർ | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ. | രചനാപ്രവർത്തനങ്ങൾ<br>മാഗസിൻ | ജൂൺ-മാർച്ച് | വിദ്യാരംഗം കലാസാഹിത്യ വേദി. | — |

വിഷയം: മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം. | ഭാഷാകേളി കുട്ടികളിൽ പാട്ടുകളും, കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ-ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG | 1000 |
| | ചിത്രകാർഡുകൾ നൽകൽ | ജൂൺ | | |
| | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം | ജൂൺ | ക്ലാസ് ടീച്ചർ<br>SRG | 1000 |
| | വായനാകാർഡ് നിർമ്മാണം | ജൂൺ | | |
| ആശയഗ്രഹണ വായന. | ഭാഷണത്തിന് മുന്നിൽ അവസരം ഒരുക്കൽ.<br>വായനകളരി<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>SRG | |

വിഷയം: പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ശുചിത്വബോധമുള്ള സമൂഹവും, വ്യക്തിത്വവും സൃഷ്ടിക്കുന്നത് | ശുചിത്വസർവ്വേ ബോധവൽക്കരണം | ജൂൺ | ക്ലാസ് ടീച്ചർ | |
| പ്രകൃതി വിഭവ സംരക്ഷണം | പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ | ജൂൺ ജനുവരി | പരിസ്ഥിതി ക്ലബ് | |
| സമീകൃതാഹാരത്തിലടങ്ങളെ കുറിച്ച് ധാരണ രൂപീകരിക്കുന്നു ആരോഗ്യകരമായ ഭക്ഷണം ശീലിക്കുന്നു. | ഭക്ഷ്യമേള നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷണങ്ങളുടെ പ്രദർശനം | ജൂൺ, ജൂലൈ ആഗസ്റ്റ് | ശാസ്ത്ര ക്ലബ്. | |
| ശാസ്ത്രപരീക്ഷണങ്ങളിൽ നൈപുണ്യം വർദ്ധിപ്പിക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ – മാർച്ച് | S-R-G | 1000/- |

വിഷയം : പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി[illegible] |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയൽ | ഫീൽഡ്ട്രിപ്പുകൾ<br>വനയാത്ര | സെപ്റ്റംബർ | ശാസ്ത്രക്ലബ് | 10,000 |
| ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സന്ദർശനം | ഒക്ടോബർ | ശാസ്ത്രക്ലബ് | 10,000 |

വിഷയം : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കേൾക്കുവാനവസരം | ഇംഗ്ലീഷ് കാർട്ടൂൺ പ്രവർത്തനം. വാർത്താവായന കേൾപ്പിക്കൽ | മാസത്തിൽ ഒന്ന് | Istd. ക്ലാസ് ടീച്ചർ | |
| വായന – ഒഴുക്കോടെയും ആശയം ഗ്രഹിച്ചും വായിക്കുന്നു | ക്ലാസ് ലൈബ്രറി വികസനം | | ക്ലാസ് ടീച്ചർ | 5,000 |
| | ബാലപ്രസിദ്ധീകരണങ്ങളിലൂടെ വായന | ജൂൺ – മാർച്ച് | ലൈബ്രറി കമ്മിറ്റി | |
| | വാർത്താവായന മത്സരം. | | ഇംഗ്ലീഷ് ക്ലബ്ബ് | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ കഴിയുന്നു. | ഇംഗ്ലീഷ് അസംബ്ലി. | ജൂൺ – മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് | |
| | ഹലോ ഇംഗ്ലീഷ് | വർഷം മുഴുവൻ | ഇംഗ്ലീഷ് ക്ലബ്ബ് | |
| രചന | വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു | വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ | |

വിഷയം : ഇംഗ്ലീഷ് .

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് തിയേറ്റർ<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളാക്കി മാറ്റുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ. | |
| സർഗാത്മക രചനാശേഷി വികസനം | ഇംഗ്ലീഷ് മാഗസിൻ നിർമ്മാണം | സെപ്റ്റംബർ ജനുവരി | ഇംഗ്ലീഷ് ക്ലബ്ബ്. | |

വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്ത |
|---|---|---|---|---|
| അടിസ്ഥാനശേഷികൾ ഉറപ്പാക്കുന്നു. | ഗണിതമാരത്തൺ | ജൂൺ - മാർച്ച് | | |
| | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണ ക്യാമ്പ് | ജൂൺ | ഗണിത ക്ലബ്ബ് | 1000 |
| | ഗണിതം മധുരം ക്യാമ്പ് | സെപ്റ്റംബർ | | |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | ഒറിഗാമി ശില്പശാല | | | |
| | ഒരു ദിനം ഒരു ചോദ്യം ( കുസൃതിക്കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടുത്തൽ | ആഴ്ചയിൽ ഒന്ന്. | ഗണിത ക്ലബ്ബ് | 2000 |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതോത്സവം | വർഷത്തിൽ ഒന്ന്. | | |
| | ഗണിത ലാബ്<br>ഗണിത ചുമർ<br>ഗണിത അസംബ്ലി. | വർഷം മുഴുവൻ | ഗണിത ക്ലബ്ബ് | 5000 |

വിഷയം : കലാകായികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ… |
|---|---|---|---|---|
| (കുട്ടി)കളുടെ സർഗ്ഗശേഷി വികസിപ്പിക്കു. | സർഗ്ഗവേള<br>കയ്യെഴുത്ത് മാസിക. | ആഴ്ചയിൽ ഒന്ന് | വിദ്യാരംഗം കലാസാഹിത്യവേദി | |
| കായികശേഷി വികസനം | കായികശേഷി വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ. | വർഷം മുഴുവൻ | SRG<br>Sports. | |
| | കരാട്ടെ പരിശീലനം | വർഷം മുഴുവൻ | Sports. | |